Kerala Gazette No. 15 dated 14th April 2015.
PART I Section iii

# കേരള സർക്കാർ

നിയമ (നിയമനിർമ്മാണ-സി) വകുപ്പ്

## വിജ്ഞാപനം

*2015 ജനുവരി 1.*

നമ്പർ 11534/ലെഗ്. സി2/2014/നിയമം. *തിരുവനന്തപുരം, 1190 ധനു 17/*

*1936 പൌഷം 11.*

കേരള സംസ്ഥാന നിയമസഭയുടെ താഴെപ്പറയുന്ന ആക്റ്റ് പൊതുജനങ്ങളുടെ അറിവിലേക്കായി ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു. നിയമസഭ പാസ്സാക്കിയ പ്രകാരമുള്ള ബില്ലിന് 2014 ഡിസംബർ 31-ാം തീയതി ഗവർണ്ണറുടെ അനുമതി ലഭിച്ചു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

സി. രമണി,

നിയമവകുപ്പ് സ്പെഷ്യൽ സെക്രട്ടറി.

## 2015-ലെ 3-ാം ആക്റ്റ്

# 2014-ലെ കേരള കടകളും വാണിജ്യസ്ഥാപനങ്ങളും (ഭേദഗതി) ആക്റ്റ്

1960-ലെ കേരള കടകളും വാണിജ്യസ്ഥാപനങ്ങളും ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ആക്റ്റ്

പീഠിക.—1960-ലെ കേരള കടകളും വാണിജ്യസ്ഥാപനങ്ങളും ആക്റ്റ് താഴെ കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയഞ്ചാം സംവൽസരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2014-ലെ കേരള കടകളും വാണിജ്യസ്ഥാപനങ്ങളും (ഭേദഗതി) ആക്റ്റ് എന്ന പേര് പറയാം.

(2) ഈ ആക്റ്റിലെ 2 മുതൽ 4 വരെ വകുപ്പുകളും 5-ാം വകുപ്പിന്റെ (1) മുതൽ (3) വരെ ഖണ്ഡങ്ങളും 6-ാം വകുപ്പിന്റെ (1)-ാം ഖണ്ഡവും 2014 ആഗസ്റ്റ് 29-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതും 5-ാം വകുപ്പിന്റെ (4)-ാം ഖണ്ഡവും 6-ാം വകുപ്പിന്റെ (2)-ാം ഖണ്ഡവും ഉടൻ പ്രാബല്യത്തിൽ വരുന്നതുമാണ്.

2. 2-ാം വകുപ്പിന്റെ ഭേദഗതി.—1960-ലെ കേരള കടകളും വാണിജ്യ സ്ഥാപനങ്ങളും ആക്റ്റിന്റെ (1960-ലെ 34), (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക), 2-ാം വകുപ്പിൽ,

(1) (1)-ാം ഖണ്ഡത്തിനുശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(1എ) "വലിയ സ്ഥാപനം" എന്നാൽ ഇരുപതോ അതിൽ കൂടുതലോ തൊഴിലാളികളെ ജോലിക്കായി നിയോഗിക്കുന്ന കടയോ വാണിജ്യ സ്ഥാപനമോ എന്നർത്ഥമാകുന്നു".

(2) (8)-ാം ഖണ്ഡത്തിനുപകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(8) "സ്ഥാപനം" എന്നാൽ ഒരു ചെറിയ സ്ഥാപനമോ ഒരു ഇടത്തരം സ്ഥാപനമോ ഒരു വലിയ സ്ഥാപനമോ ആകാവുന്ന ഒരു കടയോ വാണിജ്യ സ്ഥാപനമോ എന്നർത്ഥമാകുന്നു";

(3) (10)-ാം ഖണ്ഡത്തിനുശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(10എ) "ഇടത്തരം സ്ഥാപനം" എന്നാൽ ആറോ അതിൽ കൂടുതലോ എന്നാൽ ഇരുപതിൽ കുറയാതെയുള്ള തൊഴിലാളികളെ ജോലിക്കായി നിയോഗിക്കുന്ന ഒരു കടയോ വാണിജ്യ സ്ഥാപനമോ എന്നർത്ഥമാകുന്നു;"

(4) (15)-ാം ഖണ്ഡത്തിനുശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(15എ) "ചെറിയ സ്ഥാപനം" എന്നാൽ യാതൊരു തൊഴിലാളിയെയും ജോലിക്കായി നിയോഗിക്കാത്തതോ അഞ്ചിൽ കൂടുതൽ അല്ലാത്ത തൊഴിലാളികളെ ജോലിക്കായി നിയോഗിക്കുന്നതോ ആയ ഒരു കടയോ വാണിജ്യ സ്ഥാപനമോ എന്നർത്ഥമാകുന്നു";

3. 1ബി എന്ന അദ്ധ്യായം ചേർക്കൽ.—പ്രധാന ആക്റ്റിലെ 1എ എന്ന അദ്ധ്യായത്തിനുശേഷം താഴെപ്പറയുന്ന അദ്ധ്യായം ചേർക്കേണ്ടതാണ്, അതായത്:—

"അദ്ധ്യായം 1 ബി

## തൊഴിലാളികളെ ജോലിക്ക് ഏർപ്പെടുത്തുന്നതിനുള്ള ഉപാധികൾ

5 ഡി. നിയമന ഉത്തരവ് നൽകൽ.—ഒരു ഇടത്തരം സ്ഥാപനത്തിലെയോ ഒരു വലിയ സ്ഥാപനത്തിലെയോ ഓരോ തൊഴിലുടമയും, നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ ഒരു നിയമന ഉത്തരവ് അയാളുടെ തൊഴിലാളികൾക്ക് നിയമന സമയത്ത് നൽകേണ്ടതാണ്.

5 ഇ. വിദ്യാഭ്യാസ സർട്ടിഫിക്കറ്റോ പ്രവൃത്തിപരിചയ സർട്ടിഫിക്കറ്റോ കൈവശംവയ്ക്കുന്നതിനുള്ള വിലക്ക്.—ഏതെങ്കിലും സ്ഥാപനത്തിന്റെ തൊഴിലുടമ, ഒരു തൊഴിലാളിയിൽനിന്നും ലഭിക്കുന്ന യാതൊരു വിദ്യാഭ്യാസ സർട്ടിഫിക്കറ്റിന്റെയോ പ്രവൃത്തിപരിചയ സർട്ടിഫിക്കറ്റിന്റെയോ അസ്സൽ നിയമനത്തിന്റെ സമയത്തോ തൊഴിലിൽ തുടരുന്ന സമയത്തോ തടഞ്ഞുവയ്ക്കുവാൻ പാടുള്ളതല്ല.

5 എഫ്. സേവന സർട്ടിഫിക്കറ്റ് നൽകൽ.—ഓരോ തൊഴിലുടമയും തൊഴിലാളി രാജിവയ്ക്കുന്ന സമയത്തോ നീക്കം ചെയ്യപ്പെടുമ്പോഴോ പെൻഷൻ പറ്റി പിരിയുമ്പോഴോ മറ്റൊരു ജോലിക്ക് അപേക്ഷിക്കുമ്പോഴോ, നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ, അയാൾ ജോലിക്ക് ഏർപ്പെടുത്തുന്ന തൊഴിലാളിക്ക് സേവന സർട്ടിഫിക്കറ്റ് നൽകേണ്ടതാണ്.

4. 21എ എന്ന വകുപ്പ് ചേർക്കൽ.—പ്രധാന ആക്ടിലെ VI-ാം അദ്ധ്യായത്തിൽ 21-ാം വകുപ്പിനുശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"21എ ഹോസ്റ്റൽ സൗകര്യങ്ങൾ.—ഒരു വലിയ സ്ഥാപനത്തിൽ അമ്പതിൽ കൂടുതൽ തൊഴിലാളികളെ ജോലിക്കായി നിയോഗിക്കുന്ന ഓരോ തൊഴിലുടമയും അങ്ങനെയുള്ള തൊഴിലാളികൾക്ക് നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിൽ ഹോസ്റ്റൽ സൗകര്യങ്ങൾ നൽകേണ്ടതാണ്.

5. 29-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ അദ്ധ്യായം VIII-ലെ 29-ാം വകുപ്പിൽ,—

(1) (1)-ാം ഉപവകുപ്പിൽ,—

(i) (എ) ഖണ്ഡത്തിൽ,—

(എ) "ഇരുന്നൂറ്റി അൻപതു രൂപ" എന്ന വാക്കുകൾക്ക് പകരം "അയ്യായിരം രൂപ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ബി) "പത്ത് രൂപ" എന്ന വാക്കുകൾക്ക് പകരം "ഇരുന്നൂറ്റി അൻപത് രൂപ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ii) 'ബി' ഖണ്ഡത്തിൽ "പത്ത് രൂപ" എന്ന വാക്കുകൾക്ക് പകരം "ഇരുന്നൂറ്റി അൻപത് രൂപ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(2) (1എ) ഉപവകുപ്പിൽ,—

(എ) "6" എന്ന അക്കത്തിനു മുൻപായി, "5ഡി, 5ഇ, 5എഫ്" എന്നീ അക്കങ്ങളും അക്ഷരങ്ങളും ചേർക്കേണ്ടതാണ്;

(ബി) "21" എന്ന അക്കത്തിനുശേഷം "21എ" എന്ന അക്കവും അക്ഷരവും ചേർക്കേണ്ടതാണ്;

(സി) "ഇരുന്നൂറ്റി അൻപതു രൂപ" എന്ന വാക്കുകൾക്ക് പകരം "അയ്യായിരം രൂപ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ഡി) "അഞ്ഞൂറു രൂപ" എന്ന വാക്കുകൾക്ക് പകരം "പതിനായിരം രൂപ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(3) (2)-ാം ഉപവകുപ്പിൽ "അൻപതു രൂപ" എന്ന വാക്കുകൾക്ക് പകരം "രണ്ടായിരത്തി അഞ്ഞൂറു രൂപ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(4) (4)-ാം ഉപവകുപ്പിൽ "രണ്ടാം ക്ലാസ് മജിസ്ട്രേറ്റ്" എന്ന വാക്കുകൾക്ക് പകരം "ഒന്നാം ക്ലാസ് മജിസ്ട്രേറ്റ്" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

6. 34-ാം വകുപ്പിന്റെ ഭേദഗതി.—34-ാം വകുപ്പിൽ,—

(1) (2)-ാം ഉപവകുപ്പിൽ "ആരോഗ്യം" എന്ന വാക്കിനുശേഷം "ആരോഗ്യ പരിപാലനവും ശുചീകരണവും" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(2) (3)-ാം ഉപവകുപ്പിൽ "അൻപതു രൂപ" എന്ന വാക്കുകൾക്ക് പകരം "അയ്യായിരം രൂപ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

7. റദ്ദാക്കലും ഒഴിവാക്കലും.—(1) 2014-ലെ കേരള കടകളും വാണിജ്യ സ്ഥാപനങ്ങളും (ഭേദഗതി) ഓർഡിനൻസ് (2014-ലെ 20) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽ തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

(ശരിത്തർജ്ജമ)

എസ്. ഗിരിജാദേവി,

അഡീഷണൽ നിയമ സെക്രട്ടറി.

---